(ഡി) പ്രസ്തുത സംവിധാനം ഭരണതലത്തിൽ മന്ത്രിമാർക്കും സെക്രട്ടറിമാർക്കും എത്രമാത്രം പ്രയോജനപ്രദമാകും എന്നാണ് കരുതുന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. ആക്ഷൻ പോർട്ടൽ നിലവിൽ വന്നതോടുകൂടി എല്ലാ പ്രധാന പദ്ധതികളുടെയും തൽസ്ഥിതിയും പുരോഗതിയും ഒരു കേന്ദ്രീകൃത ഏക മാർഗ്ഗത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ എല്ലാ പ്രധാന പദ്ധതി കളുടെയും സ്ഥിതി മനസ്സിലാക്കുവാനും മുൻഗണനാക്രമം നിശ്ചയിച്ച് അവ നടപ്പിലാക്കുന്നതിനായി അതാത് വകുപ്പ് തലവന്മാർക്ക് നൽകുന്നതിനും സാധിക്കും. തീരുമാനമെടുക്കാത്ത പ്രധാന വിഷയങ്ങൾ കണ്ടെത്തി സമയബന്ധിതമായി തീരുമാനമെടുക്കുന്നതിനും അംഗീകാരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുവാൻ കഴിയും. തടസ്സങ്ങൾ തിരിച്ചറിഞ്ഞ് അവ പരിഹരിച്ച് പദ്ധതികളുടെ നടത്തിപ്പിനുള്ള സമയപരിധി ആവശ്യമെങ്കിൽ ദീർഘിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുവാൻ സാധിക്കുന്നു.

(സി&ഡി) മുഖ്യമന്ത്രി, മന്ത്രിമാർ, വകുപ്പ് സെക്രട്ടറി, വകുപ്പ് തലവന്മാർ എന്നിവർക്ക് ആക്ഷൻ പോർട്ടലിലൂടെ പദ്ധതികളുടെ നടത്തിപ്പ് ഓൺലൈനായി നിരീക്ഷിക്കുവാനും തടസ്സങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുവാനും സാധിക്കും. പദ്ധതികളുടെ പുരോഗതി എസ്.എം.എസ്., ഇ-മെയിൽ സംവിധാനങ്ങളുടെ സഹായത്തോടെ അപ്പപ്പോൾ ബന്ധപ്പെട്ടവർക്ക് അറിയാൻ സാധിക്കും. ചീഫ് സെക്രട്ടറിക്കും മുഖ്യമന്ത്രിക്കും എല്ലാ വകുപ്പുകളിലെയും പദ്ധതി കളുടെ നടത്തിപ്പ് സംബന്ധിച്ച വിവരം അറിയാൻ സാധിക്കും.

വകുപ്പ് സെക്രട്ടറിമാർക്കും മന്ത്രിമാർക്കും അവരവരുടെ വകുപ്പുകളിലെ പദ്ധതികളെ സംബന്ധിച്ച വിവരം അറിയാൻ സാധിക്കും. അപ്രകാരം പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച വിവരം ഓൺലൈനിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നതിനാൽ പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ കണ്ടെത്തി അവ വേഗത്തിൽ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും.

മുന്നോക്ക വികസന കോർപ്പറേഷൻ

91 (2910) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്നോക്ക വികസന കോർപ്പറേഷൻ ഇതുവരെ നടത്തിയ പ്രവർത്ത നങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കോർപ്പറേഷൻ ഇപ്പോൾ ജില്ലകളിലെ അപേക്ഷകൾ എങ്ങനെയാണ് സ്വീകരിച്ചുവരുന്നത് ;

(സി) പ്രസ്തുത കോർപ്പറേഷൻ ചെയർമാന്റെയും ഓഫീസ് പ്രവർത്തനങ്ങളുടെയും ചെലവ് വിവരങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാനത്തിലെ സംവരണ ആനുകൂല്യം ലഭിക്കാത്ത ജനവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനസമൂഹത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കി കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ 8-11-2012-ൽ പ്രവർത്തനം ആരംഭിച്ചു. 2013-14 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാരിന്റെ പദ്ധതി സഹായം ഉപയോഗിച്ച് താഴെ വിവരിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. വിദ്യാസമുന്നതി മത്സര പരീക്ഷാ പരിശീലന സഹായ പദ്ധതി

ഈ പദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷ പരിശീലനത്തിനും തൊഴിൽ അന്വേഷകരായ യുവജനങ്ങൾക്ക് സിവിൽ സർവ്വീസ്/ബാങ്ക്/പി.എസ്.സി. തുടങ്ങിയ മത്സര പരീക്ഷാ പരിശീലനത്തിലും ധനസഹായം നൽകിവരുന്നു.

2. വിദ്യാസമുന്നതി സ്കോളർഷിപ്പ് പദ്ധതി

ഈ പദ്ധതിയുടെ കീഴിൽ ഗുണഭോക്താക്കളായ വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾക്ക് ഹൈസ്കൂൾ തലം മുതൽ ബിരുദാനന്തര ബിരുദതലം വരെയുള്ള പഠനത്തിന് സ്കോളർഷിപ്പുകൾ നൽകുന്നു. CA/ICWA/CS തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്കും IIT, IIM, NIT തുടങ്ങിയ ദേശീയ നിലവാരമുള്ള സ്ഥാപനങ്ങളിൽ അദ്ധ്യയനം നടത്തുന്നവർക്കും പ്രത്യേകം സ്കോളർഷിപ്പുകൾ നൽകിവരുന്നു.

3. സംരംഭ സമുന്നതി

സ്വയംതൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായക/കൂട്ടുത്തര വാദിത്വ സംഘങ്ങൾക്കായുള്ള പലിശ സഹായ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം ടി സംഘങ്ങൾ Nationalized/Scheduled/Co-operative ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള വായ്പയിൽ പരമാവധി 6 ലക്ഷം രൂപ വരെയുള്ള വായ്പാ തുകയുടെ 4 ശതമാനം പലിശ ഇളവായി നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. നൈപുണ്യ സമുന്നതി

യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി തൊഴിലിന് പ്രാപ്തരാക്കുന്ന പദ്ധതിയാണിത്. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനും Kerala Academy for Skill Excellence-ഉം സംയുക്തമായി നടത്തുന്ന നൈപുണ്യ പരിശീലന പദ്ധതിയിൽ ഉദ്യോഗാർത്ഥിയുടെ കഴിവും അഭിരുചിയും കണക്കാക്കി അനുയോജ്യമായ തൊഴിൽ മേഖല തെരഞ്ഞെടുക്കുവാനുള്ള കൗൺസിലിംഗ്, അഡ്വാൻസ്ഡ് സോഫ്റ്റ് സ്കിൽസ്, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം എന്നിവയിൽ വിദഗ്ധ പരിശീലനം ലഭ്യമാക്കുന്നു.

5. ഡാറ്റാ ബാങ്ക്

സംസ്ഥാനത്തെ സംവരണേതര സമുദായ അംഗങ്ങളുടെ സാമൂഹിക അവസ്ഥ, തൊഴിൽ മേഖലകൾ, പൊതു ആരോഗ്യസ്ഥിതി, ആയുർദൈർഘ്യം, കുടുംബത്തിലെ അംഗങ്ങളുടെ ശരാശരി എണ്ണം, പാർപ്പിടങ്ങളുടെ സ്ഥിതി, വിദ്യാഭ്യാസയോഗ്യത, തൊഴിൽ മുൻഗണനകൾ തുടങ്ങി സമഗ്രമായ വിവരശേഖരണം നടത്താനുള്ള പദ്ധതിയാണിത്. ഇതുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനുള്ള ഓൺലൈൻ സോഫ്റ്റ്വെയർ തയ്യാറായിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന കാര്യാലയം മാത്രമാണ് കോർപ്പറേഷന് നിലവിലുള്ളത്. പദ്ധതി ഗുണഭോക്താക്കളാകാനുള്ള അപേക്ഷകരിൽ നിന്നും ഓൺലൈൻ ആയും തപാൽ മാർഗ്ഗവുമാണ് അപേക്ഷകൾ സ്വീകരിച്ചുവരുന്നത്.

(സി) പ്രസ്തുത കോർപ്പറേഷൻ നടത്തിപ്പിനായി നാളിതുവരെ 2,39,31,820 രൂപ ചെലവായിട്ടുണ്ട്. ഇതിൽ ചെയർമാന്റെ ഓണറേറിയം, യാത്രാപ്പടി, ടെലിഫോൺ ചാർജ് എന്നീ ഇനങ്ങളിലായി 2,16,857 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

മംഗളാദേവി ക്ഷേത്രത്തിലെ ഉടമസ്ഥത

92 (2911) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ഉടമസ്ഥതയിലുള്ളതും, കേരളവും തമിഴ്നാടുമായി തർക്കത്തിലുള്ളതുമായ മംഗളാദേവിയിലെ കണ്ണകി ക്ഷേത്രത്തിലേക്ക് വർഷം മുഴുവൻ പ്രവേശനം ആവശ്യപ്പെടുന്ന തമിഴ്നാടിന് അനുകൂലമായി സംസ്ഥാനത്തെ ചില ഉദ്യോഗസ്ഥർ പെരുമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കണ്ണകി ക്ഷേത്രം കൈവശപ്പെടുത്താൻ തമിഴ്നാട് ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്തൊക്കെ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly